ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/7865/2025-ACB1 (ACB) തീയതി: 06-01-2026

**<u>പരിപത്രം</u>**

വിഷയം:-സാങ്കേതിക വിദ്യാഭ്യാസം: എഞ്ചിനീയറിങ് കോളേജുകളിലെ വിദ്യാർഥികളുടെ പഠന യാത്രയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ വ്യക്തത വരുത്തിക്കൊണ്ട് .

സൂചന :1.ഈ കാര്യാലയത്തിലെ 05.11.2025 ലെ ഇതേ നം. സർക്കുലർ
2. ഈ കാര്യാലയത്തിലെ 29.12.2024 ലെ ഇതേ നം.സർക്കുലർ

മേൽ സൂചന (1) പ്രകാരം വകുപ്പിന് കീഴിലെ എഞ്ചിനീയറിങ് കോളേജ് വിദ്യാർത്ഥികൾ പഠന യാത്രയുടെ അപേക്ഷകൾ സമർപ്പിക്കുമ്പോൾ ആയതിനോടൊപ്പം ബന്ധപ്പെട്ട വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ പഠനത്തിന് ഉപകരിക്കുന്ന തരത്തിൽ നിലവാരമുള്ള വ്യവസായ സ്ഥാപനങ്ങളാണ് സന്ദർശിക്കേണ്ടത് എന്നു നിർദേശിച്ചിരുന്നു. ആയതിലേക്ക് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് കാര്യാലയത്തിലെ JD (IIIC) പ്രസ്തുത സ്ഥാപനത്തിലേക്കുള്ള യാത്ര പ്രത്യേകമായി പരിശോധിച്ച ശിപാർശ ചെയ്യേണ്ടതുണ്ട് എന്നും അറിയിച്ചിരുന്നു. എന്നാൽ മേൽ സൂചന സർക്കുലർ പ്രസിദ്ധീകരിച്ച ശേഷം പല സ്ഥാപനങ്ങളും പഠന യാത്രയ്ക്കുള്ള മേൽ സൂചന (2) പ്രകാരം നൽകേണ്ട അപേക്ഷ നേരിട്ട് JD(IIIC) യ്ക്കു അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ഈ സാഹചര്യത്തിൽ മേൽ സൂചന (1) പ്രകാരം നിർദേശിക്കപ്പെട്ടിട്ടുള്ള അപേക്ഷ DTE കാര്യാലയത്തിലേയ്ക്ക് അയയ്ക്കുമ്പോൾ ചുവടെ പറയുന്ന രേഖകൾ മാത്രം DTE കാര്യാലയത്തിലേയ്ക്ക് അയച്ചാൽ മതി എന്നു അറിയിയ്ക്കുന്നു.

- പഠന യാത്രയ്ക്ക് ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള അതാത് സ്ഥാപനങ്ങളിലെ IIIC കോ ഓർഡിനേറ്റർമാരുടെ ശിപാർശ.
- പഠന യാത്രയ്ക്കായി തെരഞ്ഞെടുത്ത വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള യാത്രാനുമതി.

JD(IIIC) യുടെ അനുവാദം വാങ്ങിയ ശേഷം, മേൽ സൂചന (2) പ്രകാരമുള്ള പഠന യാത്രാനുമതി ബന്ധപ്പെട്ട മേഖലാ അധികാരികളായ SJD (ECS) , DTE/ JD RDTE കോതമംഗലം എന്നിവരിൽ നിന്നു വാങ്ങിയ ശേഷം ആകണം യാത്ര ചെയ്യേണ്ടത് എന്നും അറിയിയ്ക്കുന്നു.

JAYAPRAKASH P

DIRECTOR

പകർപ്പ്

Signed by
Jayaprakash P
Date: 06-01-2026 16:12:14

1.ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും
2.സീനിയർ ജോയിൻറ് ഡയറക്ടർ (ECS , DTE , തിരുവനന്തപുരം )
3.ജോയിൻറ് ഡയറക്ടർ (ECS) , RDTE, കോതമംഗലം )
4.ACB -IIIC , ( സൂപ്രണ്ട് മുഖേന)